# ദൈവം നരകത്തിൽ – ആൻഡ്രുവിനു ഒരു സമ്മൻസ്

ആൻഡ്രു



മൂടൽമഞ്ഞും നീരാവിയും ഒരു പൂച്ചക്കുട്ടിയെപോലെ എന്റെ താടിയിൽ പഞ്ഞികെട്ടായി പറ്റിപിടിച്ചുറങ്ങുന്ന ഒരു നിശ്ശബ്ദ രാത്രി. അപ്പോൾ ഒരു ദേവദൂതൻ വന്ന് എന്നെ വിളിച്ചുണർത്തി. "നിന്നെ ദൈവം വിളിക്കുന്നു". സ്വർഗ്ഗത്തിലേക്ക് വിളിക്കാൻ ഞാൻ എന്തു പാപമാണു് ചെയ്തത് എന്ന് ചോദിച്ചപ്പോൾ ദേവദൂതന്റെ മറുപടി എന്നെ അതിശയിപ്പിച്ചു. നീ എന്തു ചെയ്തു എന്നല്ല ഇവിടെ കാര്യം. ദൈവത്തിനു ഒരു അവുധി വേണമത്രെ. അവുധിയോ എന്ത് അവുധി. ദേവദൂതൻ അക്ഷമയോടെ പറഞ്ഞു. ഓ, നിങ്ങൾ മനുഷ്യർക്ക് ഒന്നുമറിഞ്ഞ്കൂടാ. സ്വർഗം നിറയെ പരിശുദ്ധന്മാരാൽ നിറഞ്ഞിരിക്കുന്നു. അവിടെ ഒരു ജീവിതവുമില്ല. അവരൊക്കെ ചാണക ഉണ്ട പോലെയാണു്. ചുണ്ടിൽ ചിരിയില്ല. അവർ പരസ്പരം മന്ത്രിച്ച്കൊണ്ടിരിക്കുന്നത് എന്താണെന്നറിയോ? നീ, പാപി, ബലത്സംഗകാരൻ, കൊലപാതകി, കശാപ്പുകാരൻ, രാഷ്ട്രീയകാരൻ, പാതിരി, ഉപദേശി, നീ എങ്ങനെ ഇവിടെ വന്നു. ദൈവത്തിനു അവരെ കൊണ്ട് പൊറുതി മുട്ടി, ദൈവം ഇപ്പോൾ നരകത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. അദ്ദേഹമിപ്പോൾ ഉന്തികൊണ്ടുപോകാവുന്ന ചക്രങ്ങൾ ഉള്ള ഒരു കസേരയിൽ ഇരിക്കയാണു്.

അത്കൊണ്ട് അദ്ദേഹം അവിടെ ഒരു മുറി തരമാക്കാൻ എന്നെ അയച്ചു.എന്നാൽ അവിടെ "ഒഴിവില്ല" എന്ന ഒരു ബോർഡ് തൂങ്ങുന്നു. അത് കൊണ്ട് നിന്നെ നരകത്തിൽ നിന്ന് ഇവിടെ കൊണ്ട് വരാൻ ദൈവം പറഞ്ഞു. അദ്ദേഹത്തിനു നിന്റെ മുറി ഉപയോഗിക്കാമല്ലോ? അതിനെ ശക്തമായി ഞാൻ എതിർത്തു. അപ്പോൾ ദേവദൂതനു പകരം ദൈവം ഇടപ്പെട്ടു എന്നോട് ദൈവം ഒരു രഹസ്യം പറഞ്ഞു. "രഹസ്യം, രഹസ്യം, രഹസ്യമെനിക്കും നിനക്കും". "മോനെ ഞാൻ ഈ പുണ്യാളന്മാരെകൊണ്ട് കഷ്ടപ്പെട്ടു. അവർക്ക് ജീവിതമെന്തന്നറിയില്ല. ഭൂമിയിൽ വച്ചുമറിയില്ലയിരുന്നു, ഇവിടെ വന്നിട്ടും അതു

തന്നെ ഗതി. എനിക്ക് ഇപ്പോൾ മരുഭൂമിയിലെ ഒട്ടകമാണു ഞാനെന്ന് തോന്നുന്നു.

ദൈവമേ, നരകം എന്ന് പറയുന്നത് എനിക്ക് സ്വർഗ്ഗമാണ്. അവിടെ വേശ്യകളുണ്ടു, രാഷ്ട്രീയകാർ ഉണ്ട്, വൈദ്യന്മാർ ഉണ്ട്, നർത്തകികൾ ഉണ്ട്, പാട്ടുകാരും, സ്വവർഗ്ഗഭോഗികളായ ആണും പെണ്ണുമുണ്ട്. കൂടാതെ വക്കീലന്മാർ, കള്ളഡോക്ട്രേറ്റ് എടുത്തവർ, മന്തിപുംഗവന്മാർ, മറ്റുള്ളവരെ ചീത്തവിളിക്കാൻ സ്വന്തം പേരു മറച്ച് പിടിക്കുന്നവർ, സംഘടനകൾ ആരംഭിക്കയും, പിളർക്കയും, വേറൊന്ന് ഉണ്ടാക്കുകയും ചെയ്യുന്നവർ, അച്ചടി പിശക്കാണെന്ന വ്യാജേന സഹപ്രവർത്തകയെ ലൈംഗികമായി ആസ്വദിക്കാൻ കൊതിച്ച് വാർത്ത നൽകുന്നവർ അങ്ങനെ ഒട്ടല്ലഹോ, മനുഷ്യകോമരങ്ങൾ. അവരൊക്കെ സോമരസം കുടിച്ച് പാട്ടും പാടി ജീവിതം ആഘോഷിക്കുന്നു. ഇതിൻെറയൊക്കെ രാജാവായ ലൂസിഫർ എന്ന ഞങ്ങളുടെ പ്രിയമുള്ളവൻ എവിടെ. ദൈവത്തേക്കാൾ കൂടുതൽ മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ആ പിശാചെന്ന് പറയുന്നവൻ എവിടെ? ആ മഹാനെ ജനം എന്തിനു പിശാചെന്ന് വിളിക്കുന്നു. ദേവദൂതൻ പൊട്ടിച്ചിരിച്ചു. നിങ്ങൾ മനുഷ്യർ വിഡ്ഡികൾ. പിശാചെന്ന ഒന്നില്ല. നിങ്ങൾ തിന്മ ചെയ്യുമ്പൊൾ നിങ്ങളിൽ അവൻ ഉണ്ടാകുന്നു. നിങ്ങൾ തന്നെ പിശാചും, മനുഷ്യനും. അതും പറഞ്ഞ് ദേവദൂതൻ എന്നെ പൊന്നു ചങ്ങല കൊണ്ട് സ്വർഗ്ഗത്തിലെ ഒരു മുറിയിൽ ബന്ധിച്ചു തിരിഞ്ഞ് നടന്നു. . ഇത് ന്യായമല്ല, ഇത് ചതിയാണ്. ഞാൻ വിളിച്ച് കൂവി. അത് കേൾക്കാതെ ദേവദൂതൻ നരകത്തിലെ ഒരു നർത്തികിയുമൊത്ത് മാർഗ്ഗം കളി കളിക്കുന്നു.

ഞാൻ സഹികെട്ട് ചോദിച്ചു. ദൈവം എവിടെ? അദ്ദേഹത്തിൻെറ ചക്രമുള്ള കസേരയെവിടെ. അദ്യം ദേവദൂതൻ പറഞ്ഞു – ചക്രമുള്ള കസേര അത് അവശതക്കുള്ള കാശടിക്കാൻ ദൈവം അഭിനയിക്കുന്ന ഒരു അടവാണ്. ഞാൻ വീണ്ടും ചോദിച്ചപ്പോൾ ദേവദൂതൻ കോപിഷ്ഠനായി എന്നോട് അരുളി ചെയ്തു. മൂന്നു സഹാസ്രബ്ദങ്ങളായി ഞാൻ അയാളെ തിരയുന്നു. എനിക്കറിയില്ല അവൻ ആണാണൊ, പെണ്ണാണോ, അതൊ ആണും പെണ്ണും കെട്ടവനാണോ, ദേവദൂതൻ നല്ലവണ്ണം മദ്യപിച്ചിരുന്നു, നർത്തികയുടെ മാംസത്തിൻെറ ചൂടും നല്ലപോലെ തട്ടി ഒരു പരുവമായിരുന്നു. വിഡ്ഡിയായ മനുഷ്യാ നീ മാത്താവായും, ഇള്ളകിടാവായും (അമ്മയും കുട്ടിയും) ദൈവം ഉണ്ടെന്ന് വിശ്വസിക്കുന്നു. എന്തൊരു വിഡ്ഡിത്വം. നിങ്ങൾ നിത്യനരകത്തിലാണ്. നിങ്ങൾ ദൈവത്തിനെ സ്രുഷ്ടിച്ച് സ്വർണ്ണ ചങ്ങലയിൽ ഒരു മതമെന്ന മരത്തിൽ കെട്ടിയിടുന്നു. ആ ചങ്ങലയിൽ നിന്നും നി മോചനം പ്രാപിക്കാത്ത കാലത്തോളം നിനക്ക് സ്വാതന്ത്ര്യമില്ല. നീയൊക്കെ ഓരോ അടവുമായി വരുന്ന കള്ളന്മാരുടെ ചതിക്കുഴിയിൽ വീണു ദൈവത്തിനെ അന്വേഷിച്ച് ജീവിതം നശിപ്പിച്ച് കളയുന്നു. പൊട്ടിക്കുക ഈ ചങ്ങല, ഈ ബന്ധനം, ഈ മതമെന്ന തുരുമ്പിച്ച് ചങ്ങല. ഹാ...ഹാ.. ദേവദൂതൻെറ പൈശാചികമായ ചിരി.....

എനിക്കറിയില്ല ഇതൊരു സ്വപനമായിരുന്നോ...ദൈവം നരകത്തിൽ ന്രുത്തം ചെയ്യുന്നത് ഞാൻ കണ്ടു. അർദ്ധചന്ദ്രനെ ദൈവം അദ്ദേഹത്തിൻെറ വീഞ്ഞ് നിറച്ച കപ്പായി പിടിച്ചിരുന്നു. അതിൽ നിന്നും സോമരസം ഒരു അഗ്നിപ്രവാഹമായി തുളുമ്പിയിരുന്നു. പൊള്ളുന്ന ആ തുള്ളികൾ അനാദിസമുദ്രത്തിൽ വീഴുന്നതും അവ നക്ഷത്രങ്ങളായി സൗരയൂഥമുണ്ടാകുന്നതും , ക്ഷീരപഥത്തിൽ അവ മിന്നുന്നതും, അനന്തമായ ഈ വിശ്വം

നില കൊള്ളുന്നതും ഞാൻ കണ്ടു. ദൈവമേ എന്നാണു നീ പുരോഹിതരുടേും മതങ്ങളുടേയും ചങ്ങലയിൽ നിന്നും സ്വതന്ത്രനാകുക.... ഞാൻ മറുപടിയൊന്നും കേട്ടില്ല.

**********************************